# Malayala Manorama

# 28 August 2018

# After Flood, Rebuild Kerala, Government



■ പാഴ്ച്ചെലവും ധൂർത്തും കുറയ്ക്കണം

## സർക്കാർ മാതൃക കാട്ടുമോ?

ബി.ആർ.പി. ഭാസ്കർ

തൊണ്ണൂറ്റിയൊൻപതിലെ പ്രളയത്തിൽനിന്ന് അന്നത്തെ തലമുറ എന്തെങ്കിലും പാഠം പഠിച്ചോ എന്നറിയില്ല. പതിനെട്ടിലെ പ്രളയത്തിൽനിന്നു പഠിക്കാൻ പലതുമുണ്ട്.

അതിലൊന്ന് പ്രളയം നമുക്കു ശേഷമല്ല, നമ്മുടെ കാലത്തുതന്നെയാകാം എന്നതാണ്. ഈ തിരിച്ചറിവിന്റെ വെളിച്ചത്തിൽ പ്രളയ പുനരധിവാസത്തിന്റെ ചില വികസന സമീപനങ്ങൾ പുനഃപരിശോധിക്കാനുള്ള വിവേകം നമുക്കുണ്ടാകണം.

പരസഹായം കൂടാതെതന്നെ പലതും ചെയ്യാനുള്ള കഴിവ് നമുക്കുണ്ടെന്നതാണ് ആദ്യ പ്രളയപാഠം. നമ്മുടെ പ്രതീക്ഷയ്ക്കൊത്തുയരാത്തപ്പോൾ കേന്ദ്രത്തിനെതിരായ മുദ്രാവാക്യങ്ങളുയർത്തി ജനവികാരം ശമിപ്പിക്കുന്നതിനു പകരം സ്വന്തം കഴിവ് പരമാവധി പ്രയോജനപ്പെടുത്തി കേരള പുനർനിർമാണം എന്ന ദൗത്യം ഏറ്റെടുക്കാനുള്ള സംസ്ഥാന സർക്കാരിന്റെ നീക്കം ഒരു ഗുണപരമായ മാറ്റത്തെ കുറിക്കുന്നു. അതിനു രാജ്യാന്തര നിലവാരമുള്ള ഒരു സമിതിയെ ഉപയോഗിക്കും എന്നതു പ്രതീക്ഷ നൽകുന്നു.

ശമ്പളം വാങ്ങുന്ന ഓരോ മലയാളിയും ഒരുമാസത്തെ ശമ്പളം പുനർനിർമാണ പ്രവർത്തനത്തിനു സംഭാവന ചെയ്യുക. തുക പത്തു ഗഡുക്കളായി നൽകിയാൽ മതി.

> ദുരന്തബാധിത കേരളത്തെ പുനഃസൃഷ്ടിക്കുമെന്ന മുഖ്യമന്ത്രിയുടെ വാക്കിനെയും ആത്മാർഥതയെയും ആരും സംശയിക്കുന്നില്ല. പക്ഷേ അദ്ദേഹത്തിന്റെപോലും കൈപ്പിടിയിൽ ഒതുങ്ങാത്ത ദുഷിച്ച ഭരണസംവിധാനത്തെയും ബ്യൂറോക്രസിയെയും ജനം സംശയിക്കുന്നു.

കേരളത്തിനകത്തും പുറത്തും ജോലിചെയ്യുന്ന, ശമ്പളക്കാരായ എല്ലാ ജീവനക്കാർക്കും വലിയ ബുദ്ധിമുട്ടുകൂടാതെ പുനർനിർമാണത്തിൽ പങ്കാളികളാകാൻ അവസരം നൽകുന്ന പദ്ധതി ഇതിനകം തന്നെ വ്യാപകമായി സ്വാഗതം ചെയ്യപ്പെട്ടിട്ടുണ്ട്. പ്രതിമാസവരവിന്റെ ഒരു നിശ്ചിത ശതമാനം സംഭാവനയായി സ്വീകരിച്ചുകൊണ്ട് ശമ്പളക്കാരല്ലാത്തവരെയും ഉൾപ്പെടുത്തി പദ്ധതി വികസിപ്പിക്കാനാകും. സഹജീവികളുടെ കണ്ണീരൊപ്പാനും കേരള പുനഃസൃഷ്ടിക്കുമായി ഒരുമാസത്തെ ശമ്പളമല്ല അതിന്റെ എത്രയോ ഇരട്ടി നൽകാനുള്ള മനസ്സുമായി വിദേശത്തും സ്വദേശത്തും കാത്തിരിക്കുന്ന മലയാളികളെ എനിക്കറിയാം. ഈ ദുരന്തത്തിന്റെ കാഠിന്യം അവർക്കു മുന്നിലെത്തിച്ച മാധ്യമങ്ങൾക്കാണ് അതിനു നന്ദി പറയേണ്ടത്.

### നോട്ടം

ദുരന്തബാധിത കേരളത്തെ പുനഃസൃഷ്ടിക്കുമെന്ന പിണറായി വിജയന്റെ പ്രസ്താവനയെയും അദ്ദേഹത്തിന് ഇക്കാര്യത്തിലുള്ള ആത്മാർഥതയെയും ആരും സംശയിക്കുന്നില്ല. പക്ഷേ പിണറായി വിജയനെപ്പോലെയുള്ള ഒരു മുഖ്യമന്ത്രിയുടെപോലും കൈപ്പിടിയിൽ ഒതുങ്ങാത്ത ദുഷിച്ച ഭരണസംവിധാനത്തെയും ബ്യൂറോക്രസിയെയും ജനം സംശയിക്കുന്നു, തങ്ങൾ കഷ്ടപ്പെട്ടുണ്ടാക്കിയ പണം ശരിയായി വിനിയോഗിക്കുന്നു എന്ന് അവർക്ക് ഉറപ്പുവേണം. അതുണ്ടാവണമെങ്കിൽ ആദ്യം ചെയ്യേണ്ടതു സർക്കാർ പാഴ്ച്ചെലവും ധൂർത്തും കുറയ്ക്കുകയാണ്. കുറച്ചുവെന്ന് ആളുകളെ ബോധ്യപ്പെടുത്തണം.

ഇരുപതാമത്തെ മന്ത്രിയും പിന്നെ കാബിനറ്റ് റാങ്കോടെ ഒരു ചീഫ് വിപ്പും എന്തിനെന്ന് അവർ ചോദിക്കുന്നു. ഇതൊന്നും കേരളത്തിന്റെ പുനഃസൃഷ്ടിക്കല്ലല്ലോ? ശമ്പളവും അലവൻസും നൽകി എത്ര ഉപദേശകർ വിവിധ സ്ഥാനങ്ങളിൽ ഇരിക്കുന്നു. അവരിൽ ഒരു പ്രയോജനവും ഇല്ലാത്തവരെയൊക്കെ ഒഴിവാക്കുക. സർക്കാരിന്റെ പണം തിന്നുമുടിക്കുന്ന കോർപറേഷനുകളും ബോർഡുകളുമെന്തിന്? ഭരണപരിഷ്കരണ കമ്മിഷൻ മുതൽ മുന്നാക്ക കമ്മിഷൻവരെ ഗുണപരമായ ഒരു പരിഷ്കരണവും ഉണ്ടാക്കാത്ത കമ്മിഷനുകളെയൊക്കെ പിരിച്ചുവിടട്ടെ. അതിൽ കുറെയൊക്കെ ഒഴിവാക്കാൻ പിണറായി വിജയനു പറ്റിയ സന്ദർഭമാണിത്. നഷ്ടത്തിലോടുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഖജനാവ് ഊറ്റിക്കുടിക്കുന്നവയൊക്കെ പൂട്ടുക. ഉള്ളതിൽത്തന്നെ രാഷ്ട്രീയനേതാക്കളെ പുനരധിവസിപ്പിക്കാൻ മാത്രമുള്ള ചെയർമാൻപദവി എടുത്തുകളയുക. പ്രഫഷനലുകളായ സിഇഒമാർ പോരേ ഇതൊക്കെ ഭരിക്കാൻ.

ഇവർക്കൊക്കെ ശമ്പളം കൊടുക്കാൻ ഈ കാശ് ഉപയോഗിക്കില്ല എന്നു പറയുമായിരിക്കും. പക്ഷേ പദ്ധതി നടപ്പാക്കുമ്പോൾ ഇതിനായി സമാഹരിക്കുന്ന പണം പൂർണമായി ഇതിലേക്ക് ഉപയോഗിക്കും എന്ന വിശ്വാസം ആർജിക്കാൻ ഇതൊക്കെ ആവശ്യമാണ്.

സർക്കാർ കാറുകളുടെ ദുരുപയോഗം പോലും ആദ്യം അവസാനിപ്പിക്കണം. എന്തിനാണ് ഉദ്യോഗസ്ഥർക്ക് ഇരുപത്തിയഞ്ചും മുപ്പതും ലക്ഷം രൂപ വിലയുള്ള കാറുകൾ. അവയ്ക്കു പകരം ഉദ്യോഗസ്ഥർ ഊബറുകളും ഷെയർ ടാക്സിയും ഉപയോഗിച്ചു ചെലവുചുരുക്കലിന്റെ മാതൃക ജനങ്ങൾക്കു കാണിച്ചുകൊടുക്കട്ടെ. എന്തിന്, സർക്കാർ ഓഫിസുകളിൽ അനാവശ്യമായി കറങ്ങുന്ന ഒരു ഫാനും കത്തുന്ന ഒരു ലൈറ്റും ഓഫാക്കേണ്ട സമയമാണെന്ന് അവിടത്തെ പ്യൂണിനുപോലും തോന്നുംവിധമുള്ള ഒരു ചെലവു ചുരുക്കൽ ശൈലിയാണു വേണ്ടത്. ഏതൊക്കെ മേഖലകളിൽ എങ്ങനെയൊക്കെ ചെലവു കുറയ്ക്കാമെന്നു മന്ത്രിമാരുടെ ഉപസമിതി സമയബന്ധിതമായി പഠിക്കട്ടെ. അതിനായി ഇനി ഒരു കമ്മിഷൻ കൂടി വേണ്ട.